കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - നഗരകാര്യം - നഗരസഭ/മുനിസിപ്പാലിറ്റി കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ 01/07/2009 മുതലുള്ള ശമ്പള കുടിശ്ശിക അനുവദിക്കുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം.2912/2011/തസ്വഭവ. തീയതി, തിരുവനന്തപുരം, 08/12/2011.

---

പരാമർശം : സ.ഉ.(എം.എസ്)നം.200/2011/തസ്വഭവ. തീയതി 25/08/2011.

<u>ഉത്തരവ്</u>

സംസ്ഥാനത്തെ നഗരസഭ/മുനിസിപ്പാലിറ്റികളിലെ കണ്ടിജന്റ് വിഭാഗത്തിൽപെട്ട ജീവനക്കാരുടെ സേവന -വേതന വ്യവസ്ഥകൾ പരിഷ്കരിച്ച് പരാമർശപ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കുടിശ്ശിക നൽകുന്ന കാര്യത്തിൽ പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുന്നതാണ് എന്ന് നിഷ്കർഷിച്ചിരുന്നു. മേൽ സാഹചര്യത്തിൽ ശമ്പള പരിഷ്കരണം സംബന്ധിച്ച് 01/07/2009 മുതലുള്ള ശമ്പള കുടിശ്ശിക നൽകുന്ന കാര്യത്തിൽ താഴെപ്പറയുന്ന പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. 01/07/2009 നും ശമ്പള പരിഷ്കരണ ഉത്തരവിനും ഇടയിൽ റിട്ടയർ ചെയ്ത സംസ്ഥാനത്തെ നഗരസഭ/മുനിസിപ്പാലിറ്റികളിലെ കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ ശമ്പള പരിഷ്കരണം മുഖേനയുണ്ടായ ശമ്പള കുടിശ്ശിക ഓപ്ഷൻ ലഭിച്ച് മൂന്ന് മാസത്തിനകം രൊക്കം പണമായി അനുവദിക്കാവുന്നതാണ്

2. മറ്റുള്ളവരുടെ കാര്യത്തിൽ 31/01/2011 വരെയുള്ള കുടിശ്ശിക രണ്ട് തുല്യ ഗഡുക്കളായി, ഒരു ഗഡു ഈ സാമ്പത്തിക വർഷവും അടുത്ത ഗഡു അടുത്ത സാമ്പത്തിക വർഷവും രൊക്കം പണമായി അനുവദിക്കാവുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

രാജേഷ് കുമാർ സിംഗ്,
സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപു
എല്ലാ കോർപ്പറേഷൻ മേയർമാർക്കും.

എല്ലാ നഗരസഭാ ചെയർമാൻമാർക്കും
നഗരകാര്യ വകുപ്പ് റീജിയണൽ ജോയിന്റ് ഡയറക്ടർ, കൊല്ലം/കൊച്ചി/കോഴിക്കോട്.
എല്ലാ കോർപ്പറേഷൻ/മുനിസിപ്പാലിറ്റി സെക്രട്ടറിമാർക്കും.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
ഡയറക്ടർ, ഹെൽത്ത് സർവ്വീസസ്.
ഡയറക്ടർ, കില, തൃശൂർ.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള ടോട്ടൽ സാനിട്ടേഷൻ മിഷൻ, തിരുവനന്തപുരം
എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും (ആരോഗ്യം)
ധന വകുപ്പ് (UO(f) No.84360/Dev.1/11/ധന. തീയതി. 17/11/2011.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ.